

കവിത കാരൂർ സോമൻ

# അപരാഹ്നം



ഒറ്റക്കൊമ്പിൽ പിടിച്ചു കിടന്നാണ്
ഉറുമ്പിനെ രക്ഷിക്കാൻ പ്രാവ്
ഇലകൊത്തിയിട്ടു കൊടുത്തത്
ഒറ്റക്കൺ കാഴ്ചയിലാണ്
അർജ്ജുനൻ പ്രാവിനെ എയ്തിട്ടത്
ഒറ്റനോട്ടത്തിലാണ് അവൾ
എന്നെ വീഴ്ത്തിയതും
എന്റെ അക്ഷരങ്ങൾക്ക്
അടിവരയിട്ടതും.
ഒറ്റയാൾ പട്ടാളമാണ്
എല്ലാ സാമ്രാജ്യങ്ങളെയും ഒറ്റിയത്
ഒറ്റത്തേരാളിയാണ് എല്ലാ
യുദ്ധങ്ങളെയും വിജയിപ്പിച്ചത്
ഒറ്റമൺപാത്രത്തിലെ ഒറ്റത്തുള്ളിയാണ്
എന്റെ ഒടുക്കത്തെ ദാഹമകറ്റിയത്
ഒറ്റക്കാലും ഒറ്റക്കയ്യും ഒറ്റ ഹൃദയവും
പണയപ്പെടുത്തി ഞാൻ നേടിയ
ഒറ്റ പുരസ്കാരം
എന്ന ഒറ്റവരിക്കവിതയാണ്
അപരാഹ്നത്തിന്റെ ചൂടറിഞ്ഞതും
ചുട്ടു പഴുത്തു ആറ്റംബോംബിന്റെ
ഒറ്റവാക്കായതും
ഒരു ദിവസം പ്രാവ് ഉറുമ്പിനോട് ചോദിച്ചു
ഞാൻ നിന്നെ രക്ഷിച്ചില്ലായിരുന്നുവെങ്കിൽ
നിന്റെ കഥയെന്താകുമായിരുന്നു?
ഉറുമ്പു പറഞ്ഞു:
അപരാഹ്നം!